കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

മണലൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: .കെ.എസ്.എ.ടി.എസ്.ആർ.(പി9)1125/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 06/09/2024
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മണലൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മണലൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മണലൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: .കെ.എസ്.എ.ടി.എസ്.ആർ.(പി9)1125/24 തീയ്യതി: 06/09/2024

തൃശ്ശൂർ ജില്ലയിലെ മണലൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ മണലൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 15-09-2023 മുതൽ 15-07-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2023 മുതൽ 31-03-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 29 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 24-07-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
റഫി ജോൺ	ഡെപ്യൂട്ടി ഡയറക്ടർ	17-07-2024	24-07-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
17-07-2024	24-07-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ജയകൃഷ്ണൻ എസ്. (ഓഡിറ്റ് ഓഫീസർ)
ഹണി കെ. എസ്. (ഓഡിറ്റ് ഓഫീസർ)
ജോമോൻ ഇ. കെ. (അസി. ഓഡിറ്റ് ഓഫീസർ)
ബിന്ദു സി. വി., (സീനിയർ ഗ്രേഡ് ഓഡിറ്റർ)
സഫന എൻ. എസ്., (ഓഡിറ്റർ)

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ജോൺസൺ പി. ടി.	പ്രസിഡന്റ്	01-04-2023	30-06-2023
പുഷ്പ വിശ്വംഭരൻ (ഇൻചാർജ്)	പ്രസിഡന്റ്	01-07-2023	03-08-2023
സൈമൺ തെക്കത്ത്	പ്രസിഡന്റ്	04-08-2023	31-03-2024

ദീപ എം. കെ.	സെക്രട്ടറി	01-04-2023	19-09-2023
മഞ്ജുള ബോസ്	സെക്രട്ടറി-ഇൻ-ചാർജ്ജ്	20-09-2023	21-09-2023
ദീപ എം. കെ.	സെക്രട്ടറി	22-09-2023	21-01-2024
മഞ്ജുള ബോസ്	സെക്രട്ടറി-ഇൻ-ചാർജ്ജ്	22-01-2024	26-01-2024
ദീപ എം. കെ.	സെക്രട്ടറി	27-01-2024	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
മഞ്ജുള ബോസ്	അസിസ്റ്റന്റ് സെക്രട്ടറി	01-04-2023	09-04-2023
അനിത ഇ. സി.	അസിസ്റ്റന്റ് സെക്രട്ടറി (ഇൻചാർജ്)	10-04-2023	08-05-2023
മഞ്ജുള ബോസ്	അസിസ്റ്റന്റ് സെക്രട്ടറി	09-05-2023	21-12-2023
അനിത ഇ. സി.	അസിസ്റ്റന്റ് സെക്രട്ടറി (ഇൻചാർജ്)	22-12-2023	01-01-2024
മഞ്ജുള ബോസ്	അസിസ്റ്റന്റ് സെക്രട്ടറി	02-01-2024	31-03-2024
ഇഖ്ബാൽ പി. എ.	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2023	29-07-2023
വാണി എൻ. വി.	അസിസ്റ്റന്റ് എഞ്ചിനീയർ	30-07-2023	15-10-2023
ഇഖ്ബാൽ പി. എ.	അസിസ്റ്റന്റ് എഞ്ചിനീയർ (അഡീഷണൽ ചാർജ്)	16-10-2023	21-10-2023
വാണി എൻ. വി.	അസിസ്റ്റന്റ് എഞ്ചിനീയർ	22-10-2023	19-03-2024
അബിത എം. ടി.	അസിസ്റ്റന്റ് എഞ്ചിനീയർ (അഡീഷണൽ ചാർജ്)	20-03-2024	31-03-2024
ലക്ഷ്മി മോഹൻ	കൃഷി ഓഫീസർ (ഇൻചാർജ്)	01-04-2023	05-06-2023
ഡോ. ജാസ്മിൻ തോമസ്	കൃഷി ഓഫീസർ	06-06-2023	26-03-2024
ഡോ. എലിസബത്ത് ജോസ്	കൃഷി ഓഫീസർ	27-03-2024	31-03-2024
വസുമതി കെ. ബി.	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2023	31-03-2024
ഷിജി കെ. യു.	വി.ഇ.ഒ (കാരമുക്ക് സർക്കിൾ)	01-04-2023	15-02-2024
ജിഷ എം. ആർ.	വി.ഇ.ഒ (കാരമുക്ക് സർക്കിൾ)	16-02-2024	31-03-2024
സിന്ധു കെ.	വി.ഇ.ഒ (കാഞ്ഞാണി സർക്കിൾ)	01-04-2023	31-05-2023

വൽസല കെ.	വി.ഇ.ഒ (കാഞ്ഞാണി സർക്കിൾ)	01-06-2023	20-07-2023
ജിഷ എം. ആർ.	വി.ഇ.ഒ (കാഞ്ഞാണി സർക്കിൾ)	21-07-2023	31-03-2024
വൽസല കെ.	വി.ഇ.ഒ (മണലൂർ സർക്കിൾ)	01-04-2023	16-10-2023
ജിഷ എം. ആർ.	വി.ഇ.ഒ (മണലൂർ സർക്കിൾ)	17-10-2023	19-01-2024
അതുല്യ കെ. ആർ.	വി.ഇ.ഒ (മണലൂർ സർക്കിൾ)	20-01-2024	31-03-2024
ഡോ. അജയ് രാജൻ	മെഡിക്കൽ ഓഫീസർ	01-04-2023	16-06-2023
ഡോ. കേതുൽ പ്രമോദ്	മെഡിക്കൽ ഓഫീസർ	17-06-2023	14-03-2024
ഡോ. അനു ബേബി	മെഡിക്കൽ ഓഫീസർ	15-03-2024	29-03-2024
ഡോ. കേതുൽ പ്രമോദ്	മെഡിക്കൽ ഓഫീസർ	30-03-2024	31-03-2024
ഡോ. ഷാബു കെ.	മെഡിക്കൽ ഓഫീസർ	01-04-2023	30-09-2023
ഡോ. രേണു എൻ. കെ.	മെഡിക്കൽ ഓഫീസർ (അഡീഷണൽ ചാർജ്)	01-10-2023	29-10-2023
ഡോ. അഞ്ജു അന്ന ജെയിംസ്	വെറ്ററിനറി സർജൻ	01-04-2023	01-05-2023
ഡോ. രാധിക ശ്യാം	വെറ്ററിനറി സർജൻ (അഡീഷണൽ ചാർജ്)	02-05-2023	29-05-2023
ഡോ. അഞ്ജു അന്ന ജെയിംസ്	വെറ്ററിനറി സർജൻ	30-05-2023	31-03-2024
ഗിരിജ പി. കെ.	ഹെഡ്മാസ്റ്റർ	01-04-2023	02-06-2023
അജിത് കുമാർ പി. കെ.	ഹെഡ്മാസ്റ്റർ	03-06-2023	31-03-2024
അനൂപ് സോമൻ	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2023	15-05-2023
ഷനുരാജ് വി. ബി.	ഡയറി ഫാം ഇൻസ്ട്രക്ടർ	16-05-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല	1-1-1
3	കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് സാക്ഷ്യപ്പെടുത്തുന്നില്ല	1-1-2
4	പദ്ധതി ചെലവ് സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടില്ല.	1-1-3
5	KURDFC വായ്പ - വാർഷിക കണക്കും രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല	1-1-4
6	ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് അഡ്വാൻസ് തുക നൽകിയത് ബന്ധപ്പെട്ട ശീർഷകത്തിൽ ബുക്ക് ചെയ്തിട്ടില്ല	1-1-5
7	ആസ്തി നിർമ്മിക്കുന്നതിനുള്ള ചെലവ് തെറ്റായി റവന്യൂ ചെലവായി രേഖപ്പെടുത്തി	1-1-6
8	വാർഷിക കണക്ക് , സുലേഖ സ്റ്റേറ്റ്മെന്റ്- ചെലവ് തുകകൾ പൊരുത്തപ്പെടുന്നില്ല	1-1-7
9	റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല	1-1-8
10	" Directly Debited By Bank" -തുക ക്രമീകരിക്കേണ്ടതാണ്	1-1-9
11	ഷെഡ്യൂൾ ബി -4 പ്രകാരമുള്ള തുകയും ഷെഡ്യൂൾ ബി -17 പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല.	1-1-10
12	ബാധ്യതാ ശീർഷകത്തിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത ഉറപ്പ് വരുത്തേണ്ടതാണ് .	1-1-11
13	മുൻകൂർ തുക-രജിസ്റ്റർ സൂക്ഷിക്കുന്നില്ല	1-1-12
14	രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നില്ല	1-1-13
15	അക്രൂവൽ സമയത്ത് ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടില്ല	1-1-14
16	"Prior Period Item"-അംഗീകരിക്കപ്പെട്ട വൗച്ചറുകളോ വർക്ക്ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല	1-1-15
17	ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല	1-1-16
18	പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.	1-1-17
19	ഡിപ്രിയിസേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായില്ല.	1-1-18
20	ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല	1-1-19
21	വസ്തുനികുതി-വാർഷിക കണക്കും ഡി.സി.ബി.രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല	1-1-20
22	ബജറ്റ്	1-2
23	ഫണ്ട് വിനിയോഗം	1-3
24	പദ്ധതി അവലോകനം	1-4
25	തൊഴിലുറപ്പ് പദ്ധതി	1-5
26	ക്ഷേമപദ്ധതികൾ	1-6
27	ക്യാഷ് ബാലൻസ് പരിശോധന	1-7
28	ആഭ്യന്തരനിയന്ത്രണം	1-8
29	ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത്	1-9

	ഈടാക്കിയിട്ടില്ല	
30	കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല	1-10
31	സഞ്ചയ ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയായിട്ടില്ല	1-11
32	മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല	1-12
33	വസ്തു നികുതി-മേഖലാ നിർണയത്തിലെ അപാകങ്ങൾ	1-13
34	പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തി നികുതി ചോർച്ച ഒഴിവാക്കേണ്ടതാണ്	1-14
35	ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങളുടെ നികുതി ഇളവ് - അപാകങ്ങൾ	1-15
36	അംഗൻവാടികളുടെ അറ്റകുറ്റപ്പണികൾ.-അപാകതകൾ	1-16
37	ദുരിതാശ്വാസനിധി പരിപാലനം സംബന്ധിച്ച്	1-17
38	ഇറിഗേഷൻ വകുപ്പിന്റെ നിരാക്ഷേപ സാക്ഷ്യപത്രം ലഭ്യമാക്കി പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്.	1-18
39	രാമൻ കായൽ നവീകരണം - നഗരസഞ്ചയ ഫണ്ട് ലഭ്യമാക്കേണ്ടതാണ്.	1-19
40	അയ്യപ്പൻ കാവ് സൊസൈറ്റി കാന നിർമ്മാണം - കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗം സംബന്ധിച്ച്	1-20
41	വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല	1-21
42	കൈപ്പറ്റ് വിവരങ്ങൾ ലഭ്യമായില്ല	1-22
43	പ്രോജക്ടുകൾ നാളിതുവരെ പൂർത്തിയാക്കിയിട്ടില്ല	1-23
44	തെരുവുവിളക്ക് അറ്റകുറ്റപ്പണി -- പദ്ധതി നടത്തിപ്പിലെ അപാകതകൾ	1-24
45	അഗതിരഹിതകേരളം ആശ്രയ- തുക കുടുംബശ്രീയുടെ അക്കൗണ്ടിലേക്ക് കൈമാറി-- ചെലവ് ലഭ്യമാക്കിയിട്ടില്ല	1-25
46	പണം മുഴുവനായും നൽകിയിട്ടും മരുന്നുകൾ ലഭിച്ചിട്ടില്ല	1-26
47	സോളാർ വൽക്കരണം- പൂർത്തീകരണം സംമ്പന്ധിച്ച്	1-27
48	ഡോഗ് ലൈസൻസ് /പ്രതിരോധ കുത്തിവെയ്പ്പ് പൊരുത്തക്കേടുകൾ	1-28
49	വാഹനപരിപാലനം അപാകതകൾ	1-29
50	എച്ച് എം സി വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്	1-30
51	ഹരിതകർമ്മസേന പ്രവർത്തനങ്ങൾ അവലോകനം	1-31
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	ഡെപ്പോസിറ്റ് വർക്കിനു നല്കിയ തുകയുടെ വിവരം	4-2
3	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-3
4	വായ്പ/വായ്പ തിരിച്ചടവ്	4-4
5	സ്ഥിരനിക്ഷേപങ്ങൾ	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം	4-7
8	ചാർജ്/സർചാർജ് നടപടികളുടെ വിവരം	4-8

9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	വാർഷികകണക്കുകളുടെ സംക്ഷിപ്തം	

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 11.06.2024 തീയതിയിലെ 24(1) നം. കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 21.06.2024 തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മണലൂർ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2024 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

1. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മണലൂർ ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : തൃശ്ശൂർ

തീയതി :

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

1-1-2 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിന് സാക്ഷ്യപ്പെടുത്താൻ സാധിക്കില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 14255592 രൂപയാണ്.എന്നാൽ ഇതെ പത്രികയിൽ 2023-24 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 7049240 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

1-1-3 പദ്ധതി ചെലവ് സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ 162/24 Construction Of 2 Culverts At Substation Parakkulam ITI Road

-എന്ന പ്രൊജക്ടിന്റെ ചെലവ് തുക58244/- രൂപ (Vr.No.42300500/9.10.23) വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടുണ്ട് .എന്നാൽ ആയത് സൂലേഖ ചെലവ് സ്റ്റേറ്റ്മെന്റിൽ വന്നിട്ടില്ല.

1-1-4 KURDFC വായ്പ - വാർഷിക കണക്കും രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

2023-24 വർഷം KURDFC വായ്പ ഇനത്തിൽ ലോൺ രജിസ്റ്റർ പ്രകാരമുള്ള തുകയും വാർഷിക കണക്ക് പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല. വിശദവിവരം താഴെ ചേർക്കുന്നു.

രജിസ്റ്റർ പ്രകാരം വരവ്		വാർഷിക കണക്ക് പ്രകാരം വരവ്
തിയ്യതി	തുക	
11.4.23	700000	7925000 (RP-31)
8.5.23	10000	
8.5.23	60000	
8.5.23	660000	
13.7.23	300000	
25.7.23	220000	
26.12.23	620000	
30.12.23	40000	
12.12.23	520000	
30.3.24	500000	
ആകെ	3630000	

1-1-5 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് അഡ്വാൻസ് തുക നൽകിയത് ബന്ധപ്പെട്ട ശീർഷകത്തിൽ ബുക്ക് ചെയ്തിട്ടില്ല

താഴെ ചേർത്തിരിക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ " 460500.....-Advance To Implementing Agencies" എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ഏജൻസിയിൽനിന്നും വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് മാത്രം അതാത് ചെലവ് ,ആസ്തി ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ചെയ്യുന്നതിന് പകരം , മുൻകൂർ നൽകുമ്പോൾ തന്നെ ബന്ധപ്പെട്ട ചെലവ് ,ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതായി കാണുന്നു.മാത്രമല്ല മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുമില്ല.ഇപ്രകാരം ചെയ്യുന്നതിനാൽ മുൻകൂർ തുകകളുടെ വിനിയോഗം നിരീക്ഷിക്കാൻ കഴിയാതെ വരുന്നു. ഇപ്രകാരം രേഖപ്പെടുത്തലുകൾ വരുത്തിയതിനുള്ള ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്ര.നം	പ്രോജക്ട്	വൌച്ചർ നമ്പർ	ഡെപ്പോസിറ്റ് തുക	ചെലവ് രേഖപ്പെടുത്തിയ ശീർഷകം	ചെലവ് രേഖപ്പെടുത്തേണ്ടിയിരുന്ന ശീർഷകം
1	224/24-പൊതുടാപ്പുകൾ നീക്കം ചെയ്യൽ	42300729/ 26.12.23	440000	251120101 Public Drinking Water Programmes-Maintenance	460500201-Advance To Implementing Agencies-KWA

				Of Water Sources	
2	144/24-തെരുവ് വിളക്ക് ലൈൻ നീട്ടൽ	42300243/7.7.23 42300244/7.7.23	1900000 9350	415100002 Streetlights-New Line For Street Lights	460500202-Advance To Implementing Agencies-KSEB
3	30/24-തെരുവ് വിളക്ക് മീറ്റർ സ്ഥാപിക്കൽ	42301121/31.3.24	138237	415100004 Streetlights-Street Light Meter	

1-1-6 ആസ്തി നിർമ്മിക്കുന്നതിനുള്ള ചെലവ് തെറ്റായി റവന്യൂ ചെലവായി രേഖപ്പെടുത്തി

താഴെ ചേർക്കുന്ന പദ്ധതികൾ പ്രകാരം നിർമ്മിച്ച ആസ്തിയുടെ ചെലവ് തെറ്റായി റവന്യൂ ചെലവായി രേഖപ്പെടുത്തി

Sl No	Project	Voucher No/date	Amount	Head Code
1	198/24 - Construction Of Olive Street Road -Ward 13	42301108/31.3.24	231862	252110004 Roads-Concretting
2	179/24 APJAbdulkalam Road Tile Paving	42301232/7.7.23	241344	252110008 Roads - Road Works With Interlocking & Concrete Blocks
3	175/24 Vaikkath Mana Road Concreting Ward 15	42301231/7.7.23	300000	252110004 Roads-Concretting
4	206/24 Construction Of Drain At EMS Road Ward 9 10	42301584/31.3.24	364189	252110005 Roads-Drainage Renovation
5	170/24 Theeradesa Enamavu Pulatharakkadavu Road Shoulder Concreting Ward 2	42301219/19.6.23	100547	252110004 Roads-Concretting
6	159 Tile Paving Of Kodangandath Link Road Balance Portion W 8	42301199/15.5.23 42301233/15.7.23	308839 50340	252110008 Roads - Road Works With Interlocking & Concrete Blocks
7	203/24 SNGS Mambully Road Shoulder Concreting Ward 18	42301466/19.3.24	499900	252110004 Roads-Concretting

1-1-7 വാർഷിക കണക്ക് , സുലേഖ സ്റ്റേറ്റ്മെന്റ്- ചെലവ് തുകകൾ പൊരുത്തപ്പെടുന്നില്ല

താഴെ ചേർക്കുന്ന ഗ്രാന്റുകളുടെ വാർഷിക കണക്ക് പ്രകാരമുള്ള ചെലവ് തുകകളും സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ്/ഗ്രാന്റ് സ്റ്റേറ്റ് മെന്റ് പ്രകാരമുള്ള ചെലവ് തുകകളും പൊരുത്തപ്പെടുന്നില്ല

ഫണ്ടിനം	ഇൻകം & എക്സ്പൻഡിച്ചർ ഷെഡ്യൂൾ ഐ-6, ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി3 എന്നിവയിൽ ഉൾപ്പെട്ട തുകകൾ	സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ ചെലവ്	വ്യത്യാസം

ധനകാര്യ കമ്മീഷൻ ഗ്രാന്റ്	7321616	7263372	58244
സംസ്ഥാനാവിഷ്കൃത ഫണ്ട്	2155000	2055000	100000

1-1-8 റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല

താഴെ ചേർത്തിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൌണ്ടുകളുടെ പ്രതിമാസ റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല.(കേരള പഞ്ചായത്ത് അക്കൌണ്ട് ചട്ടങ്ങൾ 2011(ചട്ടം 57))

ക്ര.ന	ബാങ്ക് /ട്രഷറി അക്കൌണ്ട് നമ്പർ	തുക	റീകൺസീലിയേഷൻ തയ്യാറാക്കാത്ത മാസങ്ങൾ
1	VPFA III (14793)	4500	2023 April To 2024 March
2	TP ACCOUNT OLD(859)	26683	2023 April To 2024 March

1-1-9 " Directly Debited By Bank" -തുക ക്രമീകരിക്കേണ്ടതാണ്

" Directly Debited By Bank" എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയാണ് താഴെ ചേർത്തിരിക്കുന്ന ബാങ്ക് റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടുള്ളത്. ബാങ്കുമായി ബന്ധപ്പെട്ട് ഈ ചെലവ് പഞ്ചായത്തുമായി ബന്ധപ്പെട്ടതാണോയെന്ന് പരിശോധിക്കേണ്ടതും തുക ബാങ്ക് തെറ്റായി കുറവ് ചെയ്തതാണെങ്കിൽ തിരികെ പഞ്ചായത്തിന്റെ ബാങ്ക് അക്കൌണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതും ,പഞ്ചായത്തുമായി ബന്ധപ്പെട്ട ഡെബിറ്റ് ആണെങ്കിൽ അത് ഉചിതമായ ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തേണ്ടതും കണക്കിലെടുക്കേണ്ടതുമാണ് .

Bank Account /No	Date	Amount
SBI E Payment Kanjani (67328825424)	31.3.24	50407

1-1-10 ഷെഡ്യൂൾ ബി -4 പ്രകാരമുള്ള തുകയും ഷെഡ്യൂൾ ബി -17 പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഉണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/24 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൌണ്ടുകളുടെ 31/3/24ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്.അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു.

	ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4			ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17		
ക്രമനമ്പർ	ശീർഷകം	ഇനം	തുക	ശീർഷകം	ബാങ്ക് അക്കൌണ്ട്	തുക
1	320200104	Development Fund - Central Finance Commission Grant - Basic Tax Grant	8421715	450210101	ICICI BANK THRIPRAYAR-Egram-(268101000234)	9464866
2	320200113	Development Fund - Central Finance Commission Grant - Tied Fund	1166427			
ആകെ			9588142			9464866

1-1-11 ബാധ്യതാ ശീർഷകത്തിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത ഉറപ്പ് വരുത്തേണ്ടതാണ് .

1)TSB Joint Venture (OLD) എന്ന ട്രഷറി അക്കൌണ്ടിൽ (നം.799011400000658) നീക്കിയിരിപ്പ് പൂജ്യം ആണ്. 31.3.24 ന് ഈ അക്കൌണ്ടിൽ നിന്നും സർക്കാർ പിൻവലിച്ച 480508/- രൂപ ബി -15 ഷെഡ്യൂളിലെ 431500199 Receivables Of Redemption എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബി -4 ഷെഡ്യൂളിലെ ബാധ്യതാ ശീർഷകത്തിൽ ഈ തുക ഉൾപ്പെടുത്തിയിട്ടുമില്ല.

2) ബി -4 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയ താഴെ ചേർക്കുന്ന ബാധ്യതാ ശീർഷകങ്ങൾക്ക് തത്തുല്യമായ ബാങ്ക് അക്കൌണ്ട് ബി -17 ൽ ഉൾപ്പെട്ടിട്ടില്ല.

ശീർഷകം	ഇനം	തുക
320700104	Contributions For Joint Venture Projects (For Capital Expenditure) - From Block Panchayats	1002499
320700105	Contributions For Joint Venture Projects (For Capital Expenditure) - From District Panchayats	2038762
320700204	Contributions For Joint Venture Projects (For Revenue Expenditure) - From Block Panchayats	6413

1-1-12 മുൻകൂർ തുക-രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്.എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

ക്ര.ന	വരുമാനം	മുൻകൂർ ശീർഷകം	31/3/2024 ലെ മുൻകൂർ തുക
1	തൊഴിൽ നികുതി	350410102-Advance Collection Of Revenues-Profession Tax /Inst/trad/prof	280660
2	ഡി &ഒ	350410301-Advance Collection Of Revenues-Licence Fees For Dangerous And Offensive Trades	217000

1-1-13 രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നില്ല

1) ഡെപോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ആയതിനാൽ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-7 ൽ ഉൾപ്പെട്ട ശീർഷകങ്ങളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2) അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ആയതിനാൽ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-18 ൽ ഉൾപ്പെട്ട ശീർഷകങ്ങളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

1-1-14 അക്രുവൽ സമയത്ത് ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടില്ല

അക്രുവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മണലൂർ ഗ്രാമപഞ്ചായത്തിലെ 2023-24 വർഷത്തെ അക്രുവൽ അടിസ്ഥാനത്തിലുള്ള നികുതി-നികുതിയേതര വരുമാനങ്ങളുടെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും സാമ്പത്തിക വർഷത്തെ ഡിമാന്റ് ഓരോ തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

വരുമാന ശീർഷകം	ജേണൽ വൗച്ചർ നം./തീയതി	ഒറ്റത്തവണയായി ഡിമാന്റ് രേഖപ്പെടുത്തിയ തുക
110100101-Property Tax On Residential Buildings	42301132/31.03.24	4,207,882

110100102-Property Tax On Non Residential Buildings	42301147/31.03.24	2,412,522
110100103-Surcharge On Property Tax	42301161/31.03.24	242,098
110100104-Service Cess On Property Tax	42301156/31.03.24	422,677
110200105-Profession Tax-Traders	42301644/31.03.24	524,810
130100101-Rent From Buildings	42301646/31.03.24	1,503,972

1-1-15 "Prior Period Item"-അംഗീകരിക്കപ്പെട്ട വൗച്ചറുകളോ വർക്ക്ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്(ഐ-18,ഐ-19) പ്രകാരം താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൌച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും ,വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും ,തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളോ,രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ഷീറ്റുകളോ ,ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് ,ഷെഡ്യൾ ഐ-18,ഐ-19)	31/3/2024 ലെ ലെഡ്ജർ ബാക്കി
290800201-Prior Period Expenses-Administrative Expenses	22843
190100101-Prior Period Income-Property Tax	17883
190200401-Prior Period Income-Other Income	14443

1-1-16 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൌച്ചറുകൾ ഉൾപ്പെടെ എല്ലാ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ,വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എന്ട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ ,കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും,മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൌച്ചറും സൂക്ഷിക്കുന്നില്ല.എല്ലാ ജേണൽ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ,വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

1-1-17 പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിലും,വാടകയിനത്തിലും കുടിശ്ശിക ഉണ്ട്.എന്നാൽ നികുതി ,നികുതിയെതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി ,സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 ,കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

1-1-18 ഡിപ്രിയിസേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായില്ല.

2023-24 വർഷത്തെ Income And Expenditureപത്രിക പ്രകാരം 10145429 രൂപ ഡിപ്രിയിസേഷൻ കണക്കാക്കിയിട്ടുണ്ട്.എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൌച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

"സാംഖ്യ" സോഫ്റ്റ്വെയറിൽ നിന്നും ILGMS സോഫ്റ്റ്വെയറിലെ ഫിനാൻസ് മൊഡ്യൂളിലേയ്ക്ക് മാറിയപ്പോൾ ആസ്തികൾ ഉൾപ്പെടെയുള്ളവയുടെ ശീർഷകങ്ങൾ വിഭജിക്കപ്പെട്ടിട്ടുണ്ട്.എന്നാൽ ആസ്തികളുടെ ഡിപ്രിയിസേഷൻ ,അക്യുമലേറ്റഡ് ഡിപ്രിയിസേഷൻ ശീർഷകങ്ങൾ മേൽ രീതിയിൽ വിഭജിക്കപ്പെട്ട ശീർഷകങ്ങൾക്കനുസരിച്ചോ ആസ്തികളുടെ സ്വഭാവം അനുസരിച്ചുള്ള ഗണത്തിനനുസരിച്ചോ പുനക്രമീകരിക്കാത്തതിനാൽ ഡിപ്രിയിസേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

1-1-19 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി

രജിസ്റ്റർ തയ്യാറാക്കുന്നത്.

1-1-20 വസ്തുനികുതി-വാർഷിക കണക്കും ഡി.സി.ബി.രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്വെയർ ആയ "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"ൽ ഡിമാന്റ് ആയി ചേർക്കുന്നത്.വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ" ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്,കളക്ഷൻ,നിക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ" -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും , ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

തൻവർഷം

വസ്തുനികുതി-റെസിഡൻഷ്യൽ

	ഡിമാന്റ്	കളക്ഷൻ	മുൻകൂർ ക്രമീകരിച്ചത്	ബാക്കി
"സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം	4207882	4186096	11709	16547
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	4207882	4291274	11709	*16547
	(ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1)	(റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-45)	(350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ)	*(17381/105X100)= (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു

വസ്തുനികുതി-നോൺ-റെസിഡൻഷ്യൽ

	ഡിമാന്റ്	കളക്ഷൻ	മുൻകൂർ ക്രമീകരിച്ചത്	ബാക്കി
"സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം	2412522	2400491	12043	22489
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	2412522	2291144	12043	*22489
	(ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1)	(റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-45)	(350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ)	*(23616 /105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)

സർവീസ് സെസ്സ്-റെസിഡൻഷ്യൽ

	ഡിമാന്റ്	കളക്ഷൻ	മുൻകൂർ ക്രമീകരിച്ചത്	ബാക്കി

"സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം	422677	420335	1055	1660
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	422677	630489	1055	1660
	(ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1)	(റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-45)	(350410105-Advance Collection-Service Cess On Property Tax-ന്റെ ലെഡ്ജർ)	(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)

സർവീസ് സെസ്സ്-നോൺ റെസിഡൻഷ്യൽ

	ഡിമാന്റ്	കളക്ഷൻ	മുൻകൂർ ക്രമീകരിച്ചത്	ബാക്കി
"സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം	242098	239693	1208	2251
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	242098	30580	1208	2251
	(ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1 110100103-Surcharge On Property Tax എന്ന ശീർഷക പ്രകാരം)	(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45 431100107-Receivables For Surcharge On Property Tax (Current) എന്ന ശീർഷക പ്രകാരം)	(350410106-Advance Collection-surcharge On Property Tax-ന്റെ ലെഡ്ജർ)	(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 431100107-Receivables For Surcharge On Property Tax (Current) എന്ന ശീർഷക പ്രകാരം)

കുടിശ്ശിക

വസ്തുനികുതി-റെസിഡൻഷ്യൽ

	ഡിമാന്റ്	കളക്ഷൻ	ബാക്കി
"സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം	43139	19597	23549
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	*26488	19597	23549 **
	*(2022-23 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (7935+19877=27812/105*100)	(റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-45)	**(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (24735/105X100)=.....,

വസ്തുനികുതി-നോൺ-റെസിഡൻഷ്യൽ

	ഡിമാന്റ്	കളക്ഷൻ	ബാക്കി
"സഞ്ചയ" സോഫ്റ്റ്വെയർ	80405	0	80405

പ്രകാരം			
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	102906 (2022-23 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(23616+84436=108052/105*100)	0 (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-45)	80405 **(84436/105X100)=.....,ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)

സർവീസ് സെസ്സ്-റെസിഡൻഷ്യൽ

	ഡിമാന്റ്	കളക്ഷൻ	ബാക്കി
"സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം	4333	1971	2358
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	2652 (2022-23 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (759+1893)	1971 (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-45)	2358 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)

ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

		ഡിമാന്റ്			കളക്ഷൻ			മുൻകൂർ ക്രമീകരിച്ചത്	ഡിമാന്റ് കുറവ് ചെയ്തത്	ബാക്കി		
		തൻ വർഷം	കുടിശ്ശിക	ആകെ	തൻ വർഷം	കുടിശ്ശിക	ആകെ			തൻ വർഷം	കുടിശ്ശിക	ആകെ
"സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം	റെസിഡൻഷ്യൽ	212974	2175	215149	211761	986	212747	614		834	1186	2020
	നോൺ-റെസിഡൻഷ്യൽ	121505	4031	125536	120790	0	120790	608		1127	4031	5158
	ആകെ			340685			333537	1222		7178		
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം		340685 5364+335321 =(2022-23ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 -State Govt. Cess/levies..... ലെഡ്ജർ 2023-24)			333537 (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-35 (വരവ്))				334861 (431910101 -State Govt . Cess/levies..... ലെഡ്ജർ 2023-24)	7178 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)		

1-2 ബജറ്റ്

പാസ്സാക്കിയ തിയതി	14/03/2022	
കമ്മിറ്റി തീരുമാനം	1(1)	
പ്രതീക്ഷിത വരവ്, ചെലവ് എന്നിവ	വരവ്	ചെലവ്
	437545040	417529822
റിവൈസ്ഡ് ബജറ്റ്		
പാസ്സാക്കിയ തിയതി കമ്മിറ്റി തീരുമാനം റിവൈസ്ഡ് ബജറ്റ്	08/02/2024	
കമ്മിറ്റി തീരുമാനം	1(1)	
പ്രതീക്ഷിത വരവ്, ചെലവ് എന്നിവ	വരവ്	ചെലവ്
	300602058	283317022

1-3 ഫണ്ട് വിനിയോഗം

ഫണ്ടിനം	ഒ.ബി	വരവ്	ആകെ	ചെലവ്	സി.ബി
വികസന ഫണ്ട്-ജനറൽ	0	27296000	27296000	24508227	2787773
വികസന ഫണ്ട്-എസ്.സി.പി	0	10171000	10171000	8482644	1688356
വികസന ഫണ്ട്-ടി.എസ്.പി	0	0	0	0	0
മെയിന്റനൻസ്, റോഡ്	0	14098000	14098000	5217395	8880605
മെയിന്റനൻസ്, നോൺ-റോഡ്	0	4996000	4996000	4705421	290579
ധനകാര്യ കമ്മീഷൻ ഗ്രാന്റ് ബേസിക്	6869001	4772813	11641814	3220099	8421715
ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ്	1877944	3390000	5267944	4101517	1166427
TSC	299223	110325	409548	171440	238108
ICDS	878689	1275139	2153828	1200088	953740
MP FUND	0	299668	299668	299668	0
PYCKA	20000	0	20000	0	20000
AYUSH	200000	500000	700000	0	700000

സി.എഫ്.സി ടൈഡ്, സി.എഫ്.സി അൺടൈഡ് എന്നിവയുടെ മുന്നിരിപ്പ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ കാണിച്ചിട്ടില്ല. സി.എഫ്.സി അൺടൈഡ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ പലിശ ഉൾപ്പെടുത്തിയിട്ടില്ല. ശരിയായ തുകകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.സി.എഫ്.സി ഗ്രാന്റ് സുലേഖ ചെലവ് പത്രിക പ്രകാരവും വാർഷിക ധനകാര്യപത്രികയിലെ പത്രികകൾ പ്രകാരവും വ്യത്യാസമുണ്ട് (അപാകത ഖണ്ഡിക 1-1-7 ൽ പരാമർശിച്ചിട്ടുണ്ട്).

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് വികസന ഫണ്ട്-എസ്.സി.പി വികസന ഫണ്ട്-ജനറൽ എന്നിവയിൽ വരവിൽ സോഴ്സ് ഡിഡക്ഷൻ ഉൾപ്പെടുത്തിയിട്ടില്ല. പ്രസ്തുത തുക കൂടി ഉൾപ്പെടുത്തിയാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

1-4 പദ്ധതി അവലോകനം

അംഗീകാരം ലഭിച്ചത് (എണ്ണം)	അംഗീകരിച്ച പദ്ധതി അടങ്കൽ തുക	നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കിയ പദ്ധതി ചെലവ് തുക	നടപ്പാക്കിയ പദ്ധതിത്തുകയുടെ ശതമാനം	പൂർത്തീകരിച്ചതിന്റെ ശതമാനം
224	164990789	154	69006347	41.83%	68.75%

കുറിപ്പ്

ആസൂത്രണം ചെയ്ത വാർഷിക പദ്ധതികളുടെ ആകെ അടങ്കൽ തുകയുടെ 41.83% തുക മാത്രമേ തൻവർഷം വിനിയോഗിക്കാനായുള്ളൂ. ലഭ്യമാകാവുന്ന ഫണ്ടിനനുസൃതമായി വാർഷിക പദ്ധതികൾ ആസൂത്രണം ചെയ്ത് അതത് വർഷം തന്നെ പദ്ധതി പൂർത്തികരണ ലക്ഷ്യം പൂർണമായി നേടുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. യാഥാർത്ഥ്യബോധത്തിലൂന്നിയ പദ്ധതി ആസൂത്രണത്തിനും കാര്യക്ഷമമായ നിർവ്വഹണത്തിനും പ്രധാന്യം നൽകേണ്ടതാണ്.

1-5 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ഭരണചെലവുകൾ	0	1694139	1694139	1694139	0
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	25754293	25754293	25754293	0
മെറ്റിരിയൽ കോസ്റ്റ്	0	8140804	8140804	8140804	0
ആകെ	0	35589236	35589336	35589336	0

MGNREGS കാഷ്ബുക്ക്/ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്കുകളും വാർഷിക ധനകാര്യ പത്രികയിലെ കണക്കുകളും പൊരുത്തപ്പെടുന്നില്ല. ക്യാഷ് ബുക്ക് പ്രകാരമുള്ള കണക്കുകളാണ് മേൽ പട്ടികയിൽ ചേർത്തിട്ടുള്ളത്.

1-6 ക്ഷേമപദ്ധതികൾ

പദ്ധതിയുടെ പേര്	ചെലവുതുക	ഗുണഭോക്താക്കളുടെ എണ്ണം
കർഷകതൊഴിലാളി പെൻഷൻ	6569400	551
വിധവാ പെൻഷൻ	15138400	1378
വാർദ്ധക്യകാല പെൻഷൻ	34170600	3277
വികലാംഗ പെൻഷൻ	4325600	381
50 വയസ്സിന്മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	1855000	164
വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം	90000	3

1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.07.2024 തീയതിയിൽ 2.50 PM ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8605/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-8 ആഭ്യന്തരനിയന്ത്രണം

ആഭ്യന്തരനിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഭാഗം 1ലെ വിവിധ ഭാഗങ്ങളിലായി ചേർത്തിട്ടുണ്ട്.

1-9 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയിട്ടില്ല

2023-24 സാമ്പത്തികവർഷത്തെ തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്ററും സ്ഥാപനങ്ങൾ FACTEOS ലൈസൻസിനായി സ്ഥാപനങ്ങൾ സമർപ്പിച്ച അപേക്ഷകളും പരിശോധിച്ചപ്പോൾ ചുവടെ പറയുന്ന സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനാവശ്യമായ ജീവനക്കാരുടെ എണ്ണം ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും പഞ്ചായത്ത് ഈ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കുന്നതായി കാണുന്നില്ല.

ക്രമനം.	സ്ഥാപനത്തിന്റെ പേര്	ആവശ്യമായ ജോലിക്കാരുടെ എണ്ണം
1	Oil Land Trading Company	6
2	Champion Traders	4
3	Supplyco Maveli Store, Kanjani	4
4	ജയ ബേക്കറി	4
5	ഡെ ഫുഡീസ് മാർക്കറ്റിംഗ്	4
6	ശാസ്ത റൈസ് & ഫ്ലോർമിൽ	4
7	Computer Tiles	6
8	ഫാഷൻ സിൽക്ക് ഹൗസ്	4
9	ശ്രീഭദ്ര ഫുഡ്സ്	4

10	സിമ്പിൾ ടച്ച് കാറ്ററിംഗ്	5
11	റിയൽ സ്റ്റൈൽ	6
12	പള്ളിക്കുന്നത്ത് ഗോൾഡ് പാലസ്	4
13	Moms Magic Bakers	7
14	Moms Magic Productions	7
15	Infinity Mr.Chef Catering	4
16	ഗോപി ഉണ്ണിക്കണ്ണൻ ഹോട്ടൽ	4
17	The Best Bakers	4
18	RN Bakers	9
19	ജനകിയ ഹോട്ടൽ	4
20	കോരത്ത് ടൈൽസ് & സാനിറ്ററീസ്	4
21	M.J. Marketing മണലൂർ	4

ഇത് സംബന്ധിച്ച് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.13/22.07.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 പ്രകാരം ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കി കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം വീഴ്ചകൾ സംഭവിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. സ്ഥാപനങ്ങൾ ലൈസൻസിനായി അപേക്ഷിക്കുമ്പോൾ അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന ജീവനക്കാരുടെ എണ്ണത്തിനനുസൃതമായി തൊഴിൽനികുതി ഡിമാൻഡ് ചെയ്ത് തനതു വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

1-10 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ താമസിച്ചു കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസു നടത്തുകയോ പൊതുവോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നല്കുവാൻ ബാധ്യസ്ഥരാണ് (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204).

ആയത് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ അംഗീകൃത കരാറുകാരിൽ നിന്നും പരമാവധി തൊഴിൽ നികുതി ഈടാക്കാവുന്നതാണ്. ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡിപ്പാർട്ട്മെന്റ് എഞ്ചിനീയറിംഗ് വിംഗിൽ നിന്നും ലഭ്യമാക്കിയ രേഖകൾ പ്രകാരം 2023-24 സാമ്പത്തികവർഷം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കരാറുകാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

. കെ.എ.കൊച്ചുമോൻ

. പ്രജിത്ത് കെ.പി.

. ഷർജാസ് എ.

. കെ.കെ. ഗൗതമൻ

. ഹരിഷ് കുമാർ

. എം.ആർ. ഗിരീഷ്

. സാംസൺ സി. ആന്റണി

. റോയ്മോൻ കെ.ഇ.

. പി.സി. ജോർജ്

. വിജേഷ് പി.

. രാജീവ് കെ.വി.

. ഇ.ഒ. ഈനാശു

. സിദ്ധാർത്ഥൻ കെ.വി.

. അജീഷ പി.പി.

. ബിജു കെ.ഡി.

. വിഷ്ണു

. സ്മിത വി.ആർ

എന്നാൽ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം 2023-24 സാമ്പത്തികവർഷ മണലൂർ ഗ്രാമപഞ്ചായത്ത് പരിധിയിലെ കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. മേൽപ്പറഞ്ഞ കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അഥവാ അവർ മറ്റു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.13/22.07.2024)

1-11 സഞ്ചയ ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയായിട്ടില്ല

ഗ്രാമപഞ്ചായത്തിൽ മുഴുവൻ കെട്ടിടങ്ങളുടെയും സഞ്ചയ ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയായിട്ടില്ല. സഞ്ചയ പ്രകാരം 13 സ്ഥാപനങ്ങളുടെ ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കാനുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

Sl No	Ward Name	No. Of Buildings	Purification Completed Count						Purification Pending Count
			Operator Pending	Operator Completed	Verifier Pending	Verifier Completed	Approver Pending	Approver Completed	
1	(1) Palazhy	509	1	508	0	508	0	508	1
2	(2) Manalur Vadakkummuri	597	0	597	0	597	0	597	0
3	(3) Manalur Kizhakkummuri	544	1	543	0	543	0	543	1
4	(4) Anakkad North	633	0	633	0	633	0	633	0
5	(5) Anakkad	613	0	613	0	613	0	613	0
6	(6) Ambalakkad	583	0	583	0	583	0	583	0
7	(7) Kanjany	626	0	626	0	626	0	626	0
8	(8) Thrikkunnu	706	0	706	0	706	1	705	1
9	(9) Puthankulam	593	0	593	0	593	0	593	0
10	(10) Manalur Nadumuri	541	0	541	0	541	1	540	1
11	(11) Manalur Padinjattumury	601	0	601	0	601	0	601	0
12	(12) Puthankulam	627	1	626	0	626	0	626	1

	West								
13	(13) Karamuck South	559	0	559	0	559	0	559	0
14	(14) Kanjany West	563	0	563	1	562	0	562	1
15	(15) Mangattukara	538	1	537	1	536	0	536	2
16	(16) Karikkody	887	0	887	0	887	0	887	0
17	(17) Kandassankadavu	950	0	950	1	949	1	948	2
18	(18) Karamuck North	488	1	487	1	486	0	486	2
19	(19) Mampully	631	1	630	0	630	0	630	1
	Total	11789	6	11783	4	11779	3	11776	13

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കു (നമ്പർ 27/24.07.2024) ലഭ്യമാക്കിയ മറുപടിയിൽ സഞ്ചയ ഡാറ്റ ലോക്ക് ഓഫൺ ആകുന്ന മുറയ്ക്ക് മേൽ കെട്ടിടങ്ങളുടെ ഡാറ്റ പൂരിഫിക്കേഷൻ പൂർത്തിയാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഡാറ്റ പൂരിഫിക്കേഷൻ പൂർത്തിയാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-12 മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല

സഞ്ചയ സോഫ്റ്റ്വെയറിൽ വസ്തുനികുതി പരിശോധനയിൽ താഴെ പറയുന്ന മൊബൈൽ ടവറിന്റെ വസ്തു നികുതി കുടിശ്ശിക അടവാക്കുവാനുണ്ട്.

കെട്ടിട നം	ഉടമസ്ഥന്റെ പേര് വിവരം	അടവാക്കേണ്ട കാലയളവ്	അടവാക്കുവാനുള്ള തുക
17/83	ഡേവിസ് തേയ്യാനത്ത് പണ്ടാരവളപ്പിൽ റിലയൻസ് ടവർ	2018- 1st Half മുതൽ 2023 2nd Half വരെ	69575

കുടിശ്ശിക തുക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുവാൻ ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.27/24.07.2024) മൊബൈൽ ടവർ ഉടമയിൽ നിന്നും വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതിന് ആർ ആർ നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് മറുപടി നല്കിയിട്ടുണ്ട്. കുടിശ്ശിക തുക ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വസ്തുനികുതി യഥാസമയം ഈടാക്കാതിരുന്നാൽ സെക്രട്ടറിയുടെ ബാദ്ധ്യതയായി കണക്കാക്കുന്നതായിരിക്കും.

1-13 വസ്തു നികുതി-മേഖലാ നിർണയത്തിലെ അപാകങ്ങൾ

സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം നടത്തിയ പരിശോധനയിൽ ഗ്രാമപഞ്ചായത്തിൽ ഒരേ പ്രദേശത്തെ സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖലാ നിർണ്ണയം നടത്തിയതായി കാണുന്നു. ഗ്രാമപഞ്ചായത്തിലെ ഒന്നാം വാർഡ് മാത്രം പരിശോധിച്ചതിൽ വ്യത്യസ്ത മേഖലാ നിർണയം നടത്തിയിട്ടുള്ള കെട്ടിടങ്ങളുടെ വിശദാംശങ്ങൾ താഴെച്ചേർക്കുന്നു.

ക്രമ നം	കെട്ടിട നമ്പർ	ഉടമയുടെ പേര്	റോഡ് തരം	പ്രദേശം	മേഖല
1	1/60	നാഷൻ കുളക്കുഴി	1.5 മീറ്ററിൽ കൂടുതൽ	കോൽമാട് റോഡ്	ദ്വിതീയം
	1/61	ലത ചുള്ളിയില്	1.5 മീറ്ററിൽ കൂടുതൽ	കോൽമാട് റോഡ്	പ്രഥമം
2	1/62 A	ജോതി വലിയപറമ്പില്	1.5 മീറ്ററിൽ കൂടുതൽ	കോൽമാട് റോഡ്	ദ്വിതീയം
	1/62 B	ജോതി വലിയപറമ്പില്	1.5 മീറ്ററിൽ കൂടുതൽ	കോൽമാട് റോഡ്	പ്രഥമം

3	1/140	സുരേഷ് കെ വി കോക്കാട്ട്	1.5 മീറ്ററിൽ കൂടുതൽ	നേതാജി റോഡ്	പ്രഥമം
	1/140 A	ഉണ്ണികൃഷ്ണൻ ആനേടത്ത് വീട്	1.5 മീറ്ററിൽ കൂടുതൽ	നേതാജി റോഡ്	ദ്വിതീയം
4	1/150	അരവിന്ദൻ ഇക്കോരൻ കണ്ണംപറമ്പില്	1.5 മീറ്ററോ അതിൽ കുറവ്	നേതാജി റോഡ്	പ്രഥമം
	1/151	അനിൽ മുണ്ടുകളം	1.5 മീറ്ററോ അതിൽ കുറവ്	നേതാജി റോഡ്	ദ്വിതീയം
5	1/166	രാജൻ ചുള്ളിയിൽ	1.5 മീറ്ററോ അതിൽ കുറവ്	നേതാജി റോഡ്	ദ്വിതീയം
	1/67	കല്ല്യാണി വട്ടപറമ്പില്	1.5 മീറ്ററോ അതിൽ കുറവ്	നേതാജി റോഡ്	പ്രഥമം
6	1/228	ദേവയാനി ചിരുകണ്ടത്ത്	പൊതുവഴി സൗകര്യം ഇല്ല	-	പ്രഥമം
	1/229	അമ്മിണി പൊറ്റേക്കാട്ട് വീട്	പൊതുവഴി സൗകര്യം ഇല്ല	-	ദ്വിതീയം
7	1/303	അനിൽ കുമാർ എരണേഴത്ത് ഹൌസ്	1.5 മീറ്ററോ അതിൽ കുറവ്	പുനർജ്ജനി	പ്രഥമം
	1/304	ബാബു ഇയ്യാനി ഹൌസ്	1.5 മീറ്ററോ അതിൽ കുറവ്	പുനർജ്ജനി	ദ്വിതീയം
8	1/318	റിജോ കുന്നത്ത് വീട്	1.5 മീറ്ററിൽ കൂടുതൽ	പുനർജ്ജനി റോഡ്	പ്രഥമം
	1/319	ശോഭ പൊറ്റെക്കാട്ട് ഹൌസ്	1.5 മീറ്ററിൽ കൂടുതൽ	പുനർജ്ജനി റോഡ്	ദ്വിതീയം
9	1/357	ഉഷ തൈവളപ്പിൽ ഹൌസ്	1.5 മീറ്ററോ അതിൽ കുറവ്	മണലൂർപാലാഴിപുലത്തറകടവ്	ദ്വിതീയം
	1/358	രാജൻ കുന്നത്ത് വീട്	1.5 മീറ്ററോ അതിൽ കുറവ്	മണലൂർപാലാഴിപുലത്തറകടവ്	പ്രഥമം
10	1/369	കിട്ടു കുന്നത്ത് വീട്	1.5 മീറ്ററോ അതിൽ കുറവ്	പാലാഴി	ദ്വിതീയം
	1/370	സുനിൽകുമാർ കുനത്ത് വീട്	1.5 മീറ്ററോ അതിൽ കുറവ്	പാലാഴി	പ്രഥമം
11	1/451	ബാലൻ കുണ്ടായി വീട്	1.5 മീറ്ററിൽ കൂടുതൽ	കേറ്റളവ് പുലത്തറക്കടവ് റോഡ്	പ്രഥമം
	1/451 A	അമ്മിണി മുതൽ പേര് കുണ്ടായി വീട്	1.5 മീറ്ററിൽ കൂടുതൽ	കേറ്റളവ് പുലത്തറക്കടവ് റോഡ്	തൃതീയം

വസ്തു നികുതി എന്നത് പഞ്ചായത്തിന്റെ തനത് വരുമാനമാണ്. ഇത്തരത്തിൽ ഒരേ പ്രദേശത്തെ/കെട്ടിടത്തിലെ സമീപ കെട്ടിടങ്ങളെ വ്യത്യസ്ത മേഖലയിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയം നടത്തുന്നതു മൂലം വരുമാന നഷ്ടം സംഭവിക്കാനിടയുണ്ട്. ആയതിനാൽ ഭാവിയിൽ ഇത്തരത്തിലുള്ള വീഴ്ച്ചകൾ സംഭവിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് മേഖലാനിർണ്ണയം സംബന്ധിച്ച അപാകങ്ങൾ പരിഹരിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 19/22.07.2024)

1-14 പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തി നികുതി ചോർച്ച ഒഴിവാക്കേണ്ടതാണ്

കേരള പഞ്ചായത്ത് രാജ് (കെട്ടിടനിർമ്മാണ) ചട്ടങ്ങൾ 2019, ചട്ടം 21-ൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. രണ്ട് നിലകൾ വരെയുള്ള വാസഗൃഹങ്ങൾ, 50ച.മീ. വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ, ആരാധനാ കെട്ടിടങ്ങൾ, ഗ്രൂപ് ജി1, ജി2, ഐ. ഒക്യുപ്പൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണെന്നും ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് രണ്ട് വർഷത്തിന് ശേഷം ഏത് സമയത്തും പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തുവാൻ സാധിക്കുന്നതാണെന്നും പ്രസ്തുത ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പഞ്ചായത്തിൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 28/24.07.2024) പഞ്ചായത്തിൽ ജീവനക്കാരുടെ കുറവ് മൂലം പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്താൻ സാധിക്കാറില്ല എന്നും എന്നാൽ വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് കെട്ടിടങ്ങൾ പരിശോധന നടത്തുകയും ക്ലസ്റ്റർ മീറ്റിംഗുകൾ നടത്തിയിട്ടുള്ള കെട്ടിടങ്ങളുടെ വിസ്തീർണ്ണത്തിന് അനുസൃതമായി നികുതി പുനർനിർണ്ണയിക്കുകയും അനധികൃത കെട്ടിടങ്ങൾക്ക് മുന്നിരട്ടി നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി വരികയും ചെയ്യുന്നുണ്ട് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ ചട്ട പ്രകാരമുള്ള പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തി അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തേണ്ടതും അവയിൽ നിന്നും നിയമാനുസൃത വസ്തു നികുതി ഈടാക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

1-15 ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങളുടെ നികുതി ഇളവ് - അപാകങ്ങൾ

2011ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 21 പ്രകാരം ഏതെങ്കിലും ഒരു കെട്ടിടം ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസമോ അതിൽ കൂടുതലോ ആയ കാലത്തേയ്ക്ക് ഒഴിഞ്ഞ് കിടന്നിട്ടുണ്ടെങ്കിൽ ഒഴിഞ്ഞ് കിടന്ന ദിവസങ്ങളുടെ എണ്ണത്തിന് ആനുപാതികമായി വാർഷിക നികുതിയിൽ ഇളവ് നൽകാവുന്നതാണ്. ചട്ടം 21(2)(ബി) പ്രകാരം കെട്ടിട ഉടമ നൽകുന്ന അപേക്ഷയുടെ തീയതി മുതൽക്കോ കെട്ടിടം ഒഴിഞ്ഞ് കിടക്കുന്ന തീയതി മുതൽക്കോ, ഇതിൽ ഏത് ഒടുവിൽ വരുന്നുവോ ആ തീയതി മുതലാണ് നികുതി ഇളവ് കണക്കാക്കേണ്ടതാണ്. എന്നാൽ മേൽ ചട്ടം പാലിക്കാതെ കെട്ടിടങ്ങൾക്ക് വസ്തുനികുതിയിൽ ഇളവ് അനുവദിച്ച് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നമ്പർ	കെട്ടിട നം	കെട്ടിട ഉടമ	ഫയൽ നം/അപേക്ഷ തീയതി	ഒഴിവാക്കിയ കാലയളവ്
1	13/338 A,B,J,D	സിസിലി, മാർട്ടിൻ	JC2/3735/2023 31.09.2023	01.04.2022 To 30.09.2023
2	7/245-250,251A,252	സരസ്വതി വേണുഗോപാലൻ	SC1/4055/23 22.07.2023	01.04.2023 To 30.09.2023
3	17/787 AA-AM,AS-AZ,BA-BZ,CA,CB	ജോർജ്ജ്, സൂസി ജോർജ്ജ് പെരുമാടൻ ഹൗസ്	SC1-990/2024 08.02.2024	01.10.2023 To 31.03.2024

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കു (നമ്പർ 29/24.07.24) ലഭ്യമാക്കിയ മേൽപ്പറഞ്ഞ കെട്ടിടങ്ങൾ വർഷങ്ങളായി ഒഴിഞ്ഞ് കിടക്കുന്നവയാണെന്നും ആയത് ഉറപ്പ് വരുത്തിയതിന് ശേഷമാണ് ഇളവ് അനുവദിച്ചതെന്നും അറിയിച്ചിട്ടുണ്ട്. നികുതി ഇളവ് നൽകുമ്പോൾ ബന്ധപ്പെട്ട ചട്ടങ്ങൾ പാലിച്ചു കൊണ്ട് മാത്രം ഇളവ് നല്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-16 അംഗൻവാടികളുടെ അറ്റകുറ്റപ്പണികൾ.-അപാകതകൾ

പ്രൊജക്ട് നം : - 160/24, അംഗൻവാടികളുടെ അറ്റകുറ്റപ്പണികൾ.

മെയിന്റനൻസ് ഫണ്ട് (റോഡിതരം) - 790598 രൂപ (അടങ്കൽ)

ചെലവു തുക - 776885 രൂപ.
P.A.C. തുക - 669998 രൂപ.

വൗച്ചർ നം/തീയ്യതി - 42301212/13.06.23 - 555361/-

വൗച്ചർ നം/തീയ്യതി - 42301268/26.08.23 - 221524/-

കരാർ ഉടമ്പടി നം - 20/AE/LSGD/MNLR/22-23 Dt. 05.01.2023

കരാറുകാരന്റെ പേര് - സുവിസൺ.പി.ജി, പടിഞ്ഞാറെത്തല ഹൗസ്, ഉദയനഗർ, പരയ്ക്കാട്, അരിമ്പൂർ.

കരാർ പ്രകാരം 15.01.23 ൽ കരാറുകാരൻ സൈറ്റ് ഏറ്റെടുത്തിട്ടുണ്ട്. എന്നാൽ 02.06.23 ൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത കരാർ വച്ചിട്ടുണ്ട്. പദ്ധതിയുടെ ഒന്നാം ഘട്ടം 02.06.2023 ൽ ആണ് പൂർത്തികരിച്ചതായി ഒന്നാം പാർട്ട് ബില്ലിൽ രേഖപ്പെടുത്തിയിരിക്കുന്നത്. 14 ജൂലൈ 2023 ോടു കൂടി പൂർത്തികരിക്കേണ്ട രണ്ടാം ഘട്ട പ്രവൃത്തിയാണ് 13 ദിവസം (27.7.23ൽ) വൈകി പൂർത്തികരിച്ചിട്ടുള്ളത്. സാങ്കേതിക അനുമതി രേഖ പ്രകാരം 6 മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരണം എന്നായിരുന്നു രേഖപ്പെടുത്തിയിട്ടുള്ളത്.

പ്രവൃത്തിയുടെ മോണിറ്ററിംഗ് റിപ്പോർട്ടിൽ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരങ്ങളൊന്നും രേഖപ്പെടുത്താതെയാണ് കമ്മിറ്റി അംഗങ്ങൾ സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്. അനക്സർ 2100D പ്രകാരമുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ് റിലീസ് അപേക്ഷയിൽ (കെ.പി.ഡബ്ല്യൂ.ഡി മാന്വൽ ഖ.2111.8 പ്രകാരമുള്ളത്) പ്രവൃത്തി തുടങ്ങിയത് 15.01.23 ലും പ്രവൃത്തി പൂർത്തീകരിച്ചത് 27.07.2023 ലും എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പ്രവൃത്തിക്ക് കാലതാമസം നേരിട്ടിട്ടുണ്ട്. കരാർ ഖണ്ഡിക 7 പ്രകാരം മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ കഴിയില്ലെന്ന് ബോധ്യമുള്ള പക്ഷം പൂർത്തികരണ കാലാവധിക്കുള്ളിൽ തന്നെ തീയ്യതി ദീർഘിപ്പിച്ച് ലഭിക്കുന്നതിന് കരാറുകാരൻ നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതായിരുന്നു. യഥാസമയം കാലാവധി ദീർഘിപ്പിക്കുന്നതിന് അപേക്ഷ നൽകിയിട്ടില്ല.

2012 - ലെ കേരള പി.ഡബ്ല്യൂ.ഡി മാന്വലിലെ സെക്ഷൻ 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് അതു വരെ രണ്ട് തവണകളായി പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല. ഖണ്ഡിക 2112.1ൽ കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 1% തുകയും (കുറഞ്ഞത് 1000 രൂപ, കൂടിയത് 50000 രൂപ) ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% തുകയും(കുറഞ്ഞത് 2000 രൂപ, കൂടിയത് 100000 രൂപ) പിഴയായി ഈടാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.17/22.07.24ന് ലഭിച്ച മറുപടിയ്ക്കൊപ്പം ലഭ്യമാക്കിയ 42/AE/LSGD/MNLR/2023-24 നമ്പർ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടിൽ പ്രവൃത്തി പൂർത്തികരിച്ചതു സംബന്ധിച്ച അഭിപ്രായക്കുറിപ്പുകളൊന്നും രേഖപ്പെടുത്തിയിട്ടില്ല. പ്രവൃത്തി വൈകിയതിന്റെ പിഴത്തുക 6700 രൂപ (0.01*669998) കരാറുകാരനിൽ നിന്ന് ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

1-17 ദുരിതാശ്വാസനിധി പരിപാലനം സംബന്ധിച്ച്

മണലൂർ ഗ്രാമപഞ്ചായത്തിന്റെ ഭരണസമിതി തീരുമാനം നം.1/10.07.23 പ്രകാരം പ്രകൃതിക്ഷോഭം ഉൾപ്പടെയുള്ള വിവിധ തരത്തിലുള്ള ദുരിതാശ്വാസ ഫണ്ടിന്റെ അക്കൗണ്ട് വിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനും സുമനസ്സുകളിൽ നിന്ന് തുക ലഭ്യമാകുന്ന മുറയ്ക്ക് അക്കൗണ്ടിൽ വരവ് വയ്ക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

പ്രകൃതിക്ഷോഭം മൂലം ദുരിതമനുഭവിക്കുന്നവർക്ക് അടിയന്തിര സഹായമെത്തിക്കുന്നതിനായി പ്രത്യേക അക്കൗണ്ട് ആരംഭിച്ചിട്ടുണ്ടെങ്കിലും ടി അക്കൗണ്ടിൽ തുക വരവ് വന്നിട്ടില്ല. ആറാം ധനകാര്യകമ്മീഷൻ രണ്ടാം റിപ്പോർട്ട് ഖണ്ഡിക 4.18 പ്രകാരം പ്രസ്തുത അക്കൗണ്ടിൽ നിന്ന് ചെലവഴിക്കുന്ന തുകയ്ക്ക് പ്രകാരം എല്ലാ വർഷവും മാർച്ച് മാസത്തിൽ 2003ലെ കേരള പഞ്ചായത്ത് രാജ് ദുരിതാശ്വാസ നിധി രൂപീകരണ ചട്ടത്തിലെ 3,4 വ്യവസ്ഥ പ്രകാരം ശേഖരിച്ച് ടി നിധിയിൽ നിക്ഷേപിക്കണമെന്നും 09.06.23 എഫ്.എം 1/19/2023/LSGD പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. 01.09.2018ൽ മേൽപറഞ്ഞതു പ്രകാരം അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. ആയതിൽ നിന്നും 12.10.2018ൽ 11014/- രൂപ പിൻവലിച്ചതിനു ശേഷം നാളിതു വരെ ഫണ്ട് പുനസ്ഥാപിച്ചിട്ടില്ല. (അക്കൗണ്ട് നം.80012538766 തൃശ്ശൂർ ജില്ലാ സഹകരണബാങ്കിന്റെ അന്തിക്കാട് ബ്രാഞ്ച്, കാരമുക്ക് പി.ഓ, കണ്ടശ്ശാംകടവ്). ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ ദുരിതാശ്വാസ ഫണ്ട് പരിപാലിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പഞ്ചായത്ത് രാജ് ആക്ടിൽ നിഷ്കർഷിക്കുന്ന ഫണ്ടുകൾ പരിപാലിക്കേണ്ടതാണ്.

1-18 ഇറിഗേഷൻ വകുപ്പിന്റെ നിരാക്ഷേപ സാക്ഷ്യപത്രം ലഭ്യമാക്കി പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്.

പ്രൊജക്ട് നം.162/24, SO236/23

സി.സി.ഒന്നാം പാർട്ട് ബിൽ

8-ാം വാർഡിൽ സബ്സ്റ്റേഷൻ പാറക്കുളം ഐ.ടി.ഐ റോഡിൽ കൾവെർട്ട് നിർമ്മാണം.

ധനകാര്യകമ്മീഷൻ അവാർഡ്(പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ്)

അടങ്കൽ - 250000 രൂപ.

തുക - 58244 രൂപ.

വൗച്ചർ നം - 42300500/9.10.23

റിടെൻഷൻ തുക - 1234 രൂപ.

കോൺട്രാക്ടർക്ക് നൽകിയ തുക - 55034 രൂപ.

ഇൻകംടാക്സ് - 494 രൂപ.

കെട്ടിടത്തൊഴിലാളി ക്ഷേമനിധി - 494 രൂപ.

സെൻട്രൽ ജി.എസ്.ടി - 494 രൂപ.

സ്റ്റേറ്റ് ജി.എസ്.ടി - 494 രൂപ.

കരാർ നം - 58/AE/LSGD/MNLR/2022-23 DT.27.03.23

